2026
NOVEMBER
03
TUESDAY

www.societytodaynews.com

സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



സംസ്ഥാനങ്ങൾക്ക് നികുതി വിഹിതമായി 1,09,019 കോടി കേരളത്തിന് 2597 കോടി

ന്യൂദൽഹി: സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിന്റെ അധിക ഗഡുവായി 1,09,019 കോടി രൂപ കൂടി 2026 ഒക്ടോബർ 31ന് കേന്ദ്ര ഗവണ്മെന്റ് അനുവദിച്ചു. പതിവായി നൽകുന്ന പ്രതിമാസ നികുതി വിഹിതത്തിന് പുറമെയുള്ള ഈ തുക, നടപ്പു സാമ്പത്തിക വർഷത്തിൽ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന രണ്ടാമത്തെ അധിക ഗഡുവാണ്. കേരളത്തിന് 2597 കോടി രൂപ കൂടി അനുവദിച്ചു.

അനുവദിച്ച തുകയിൽ ഏറ്റവും കൂടുതൽ വിഹിതം ലഭിച്ചത് ഉത്തർപ്രദേശിനാണ്; 19,208 കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചത്. ബിഹാറിന് 10,845 കോടി രൂപയും മധ്യപ്രദേശിന് 8,010 കോടി രൂപയും പശ്ചിമ ബംഗാളിന് 7,866 കോടി രൂപയും മഹാരാഷ്ട്രയ്ക്ക് 7,022 കോടി രൂപയും രാജസ്ഥാന് 6,460 കോടി രൂപയും ലഭിക്കും.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ആന്ധ്രാപ്രദേശിന് 4,597 കോടി രൂപയും കർണാടകയ്ക്ക് 4,504 കോടി രൂപയും തമിഴ്നാടിന് 4,466 കോടി രൂപയും തെലങ്കാനയ്ക്ക് 2,370 കോടി രൂപയും ലഭ്യമാകും.

മറ്റ് പ്രധാന സംസ്ഥാനങ്ങളിൽ ഒഡിഷയ്ക്ക് 4,819 കോടി രൂപയും ഗുജറാത്തിന് 4,094 കോടി രൂപയും ഛത്തീസ്ഗഡിന് 3,602 കോടി രൂപയും ജാർഖണ്ഡിന് 3,660 കോടി രൂപയും അസമിന് 3,552 കോടി രൂപയും പഞ്ചാബിന് 2,176 കോടി രൂപയും ഹരിയാനയ്ക്ക് 1,484 കോടി രൂപയും ഉത്തരാഖണ്ഡിന് 1,244 കോടി രൂപയും ഹിമാചൽ പ്രദേശിന് 996 കോടി രൂപയും ലഭിക്കും.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും മറ്റ് ചെറിയ സംസ്ഥാനങ്ങളിലുമായി അരുണാചൽ പ്രദേശിന് 1,476 കോടി രൂപയും ത്രിപുരയ്ക്ക് 699 കോടി രൂപയും മേഘാലയയ്ക്ക് 688 കോടി രൂപയും മണിപ്പൂരിന് 682 കോടി രൂപയും മിസോറമിന് 615 കോടി രൂപയും നാഗാലാൻഡിന് 524 കോടി രൂപയും ഗോവയ്ക്ക് 398 കോടി രൂപയും സിക്കിമിന് 365 കോടി രൂപയുമാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്.

വരാനിരിക്കുന്ന ഉത്സവ സീസൺ പരിഗണിച്ചും സംസ്ഥാനങ്ങളുടെ മൂലധന ചെലവുകൾക്ക് വേഗം കൂട്ടുന്നതിനും വികസനക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക വിഭവങ്ങൾ ഉറപ്പാക്കുന്നതിനും വേണ്ടിയാണ് കേന്ദ്ര ഗവണ്മെന്റ് ഈ തുക അനുവദിച്ചിരിക്കുന്നത്.



യുപിഐ വഴിയുള്ള പണം കൈമാറ്റത്തിൽ ചരിത്ര കുതിപ്പ്

മുംബൈ: ഉത്സവ ആഘോഷത്തിനിടെ ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെന്റ് വിപ്ലവം ചരിത്രം തിരുത്തി. ഒക്ടോബറിൽ യുപിഐ വഴിയുള്ള പണം കൈമാറ്റം ആദ്യമായി ദിവസം ശരാശരി ഒരു ലക്ഷം കോടി രൂപ പിന്നിട്ടു. കൃത്യമായി പറഞ്ഞാൽ ദിവസവും ശരാശരി 1,01,707 കോടി രൂപ ഒപ്പം പ്രതിദിന ഇടപാടുകളുടെ എണ്ണത്തിലും റെക്കോർഡ് – ദിവസവും ശരാശരി 82.2 കോടി ഇടപാടുകൾ. അതായത് ഓരോ സെക്കൻഡിലും 9,500ലധികം പേർ യുപിഐയിൽ പണം അയച്ചു.

ഒരു മാസത്തെ കണക്ക് കേട്ടാൽ ഞെട്ടും. ഒക്ടോബറിൽ മാത്രം 2,547 കോടി ഇടപാടുകൾ കഴിഞ്ഞ വർഷം ഇതേ മാസത്തെ 2,070 കോടിയേക്കാൾ 23% കൂടുതൽ. മൊത്തം കൈമാറിയ പണമോ 31.53 ലക്ഷം കോടിരൂപ! കഴിഞ്ഞ വർഷത്തേക്കാൾ 16% വളർച്ച. സെപ്റ്റംബറിലെ 29.37 ലക്ഷം കോടിയും ഓഗസ്റ്റിലെ 29.82 ലക്ഷം കോടിയും നിഷ്പ്രഭമാക്കിയാണ് ഒക്ടോബറിന്റെ കുതിപ്പ്. നവരാത്രി മുതൽ ദീപാവലി വരെയുള്ള ഷോപ്പിംഗ് ഭ്രാന്തും വമ്പൻ ഓൺലൈൻ സെയിലുകളും ആണ് ഈ കുതിപ്പിന് പിന്നിൽ.

എന്നാൽ ഈ വളർച്ചയ്ക്ക് പിന്നിൽ ഒരു കൗതുകമുണ്ട്. ആളുകൾ ഇപ്പോൾ ചെറിയ പേയ്മെന്റിന് മാത്രമല്ല, വലിയ ഷോപ്പിംഗിനും യുപിഐയെ ആശ്രയിക്കുന്നു. അതുകൊണ്ടാണ് ഇടപാടുകളുടെ എണ്ണത്തേക്കാൾ വേഗത്തിൽ പണത്തിന്റെ മൂല്യം കൂടുന്നത്, ശരാശരി ഇടപാട് തുക ഉയരുന്നു.

10, 20 പ്ലാസ്റ്റിക് നോട്ടുകൾ അവതരിപ്പിക്കാൻ റിസർവ് ബാങ്ക്

മുംബൈ: റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പുതിയ പോളിമർ (പ്ലാസ്റ്റിക്) 10, 20 രൂപ നോട്ടുകൾ പരീക്ഷണാടിസ്ഥാനത്തിൽ വിപണിയിലിറക്കാൻ ഒരുങ്ങുന്നു. ആസൂത്രണം ചെയ്തതുപോലെ മുന്നോട്ട് പോവുകയാണെങ്കിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ, അതായത് 2027 ഏപ്രിൽ 1 മുതൽ ഈ പോളിമർ നോട്ടുകൾ വിതരണത്തിനെത്തിക്കാനാണ് ആർ.ബി.ഐ ലക്ഷ്യമിടുന്നതെന്ന് മണികൺട്രോൾ റിപ്പോർട്ട് ചെയ്യുന്നു.

നിലവിലുള്ള കടലാസ് 10, 20 നോട്ടുകളുടെ അതേ അളവുകൾ തന്നെയാണ് പുതിയ പോളിമർ നോട്ടുകൾക്കും നിലനിർത്തുക. അളവുകളിൽ മാറ്റം വരുത്താത്തത് ബാങ്കുകൾക്ക് വലിയ രീതിയിലുള്ള സാമ്പത്തിക ആശ്വാസം നൽകും.



ഡോളറിന്റെ ആധിപത്യം കുറയ്ക്കാൻ കറൻസി വിപ്ലവവുമായി ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ

ന്യൂദൽഹി: അന്താരാഷ്ട്ര തലത്തിലുള്ള വലിയൊരു വിഷയത്തിൽ അമേരിക്കയുടെ നിലപാട് എന്തെന്ന് ലോകമെമ്പാടും ഉറ്റുനോക്കുന്നൊരു കാര്യമാണ്. അതു പോലെ പതിറ്റാണ്ടുകളായി ലോക വിപണിയെ ഭരിച്ചു കൊണ്ടിരിക്കുന്നതും അമേരിക്കയുടെ ഡോളർ തന്നെയായിരുന്നു.

എന്നാൽ, ഇതിൽ നിന്നൊരു മാറ്റം ആഗ്രഹിക്കുകയാണ് മറ്റു ലോക രാജ്യങ്ങൾ. ഡോളറിനെ മാറ്റിനിർത്തി സ്വന്തം കറൻസികളിലേക്കോ മറ്റൊരു ആഗോള കറൻസിയിലേക്കോ മാറണമെന്നതാണ് പ്രധാന ആവശ്യം.

അന്താരാഷ്ട്ര വ്യാപാരത്തിലും സാമ്പത്തിക ഇടപാടുകളിലും അമേരിക്കൻ ഡോളറിനുള്ള അമിതമായ ആശ്രിതത്വം കുറച്ച്, രാജ്യങ്ങൾ തങ്ങളുടെ സ്വന്തം കറൻസികളിലോ മറ്റ് ആഗോള കറൻസികളിലോ വ്യാപാരം നടത്തുന്ന പ്രക്രിയ ആണ് ഡി-ഡോളറൈസേഷൻ. ആഗോള തലത്തിൽ ഇത് വലിയ ശ്രദ്ധ നേടിക്കൊണ്ടിരിക്കുന്ന ഒരു വിഷയവുമാണ്.

ലോക സമ്പദ്വ്യവസ്ഥയിൽ പതിറ്റാണ്ടുകളായി തുടർന്നുപോരുന്ന ഡോളറിന്റെ ഏകപക്ഷീയമായ ആധിപത്യത്തിന് തടയിടാൻ ഇന്ത്യ ഉൾപ്പെടെയുള്ള പ്രമുഖ രാജ്യങ്ങൾ ഈ നീക്കം കൂടുതൽ സജീവമാക്കിയിട്ടുണ്ട്.

സാധാരണ ഗതിയിൽ, ഒരു രാജ്യം മറ്റൊരു രാജ്യത്ത് നിന്ന് സാധനങ്ങളോ സേവനങ്ങളോ വാങ്ങുമ്പോൾ സാധാരണയായി അമേരിക്കൻ ഡോളറിലാണ് പണം നൽകുന്നത്. ഉദാഹരണത്തിന് ഇന്ത്യ വിദേശത്തുനിന്ന് ക്രൂഡോയിൽ വാങ്ങുമ്പോൾ ഡോളറാണ് നൽകിയിരുന്നത്. എന്നാൽ അതിനുപകരം, ഇന്ത്യയുടെ 'രൂപ' അല്ലെങ്കിൽ വിൽക്കുന്ന രാജ്യത്തിന്റെ സ്വന്തം കറൻസി നേരിട്ട് ഉപയോഗിച്ച് വ്യാപാരം പൂർത്തിയാക്കുന്ന രീതിയാണ് ഡിഡോളറൈസേഷൻ കൊണ്ട് അർത്ഥമാക്കുന്നത്.

പ്രധാനമായും ചില രാഷ്ട്രീയ, സാമ്പത്തിക സാഹചര്യങ്ങളാണ് ലോകരാജ്യങ്ങളെ ഇത്തരം ഒരു മാറ്റത്തിലേക്ക് നയിച്ചത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



മുൻ സ്പീക്കർമാർക്കും ഡെപ്യൂട്ടി സ്പീക്കർമാർക്കും ആദരമർപ്പിച്ച് നിയമസഭ

തിരുവനന്തപുരം: കേരളപ്പിറവിയുടെ എഴുപതാം വാർഷികാഘോഷത്തിന്റെ ഭാഗമായി കേരള നിയമസഭയിൽ മുൻ നിയമസഭാംഗങ്ങളുടെയും മുൻ നിയമസഭാ സെക്രട്ടറിമാരുടെയും ജീവനക്കാരുടെയും സ്നേഹസംഗമം സംഘടിപ്പിച്ചു. ആർ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന സംഗമം മുൻ നിയമസഭാ സ്പീക്കർ വി എം സുധീരൻ ഉദ്ഘാടനം ചെയ്തു. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ സ്വാഗതം ആശംസിച്ചു.

നൂറ്റി അമ്പതലധികം മുൻ നിയമസഭാംഗങ്ങൾ പങ്കെടുത്ത സംഗമത്തിൽ കേരള നിയമസഭാ മുൻ സ്പീക്കർമാരായ തേറമ്പിൽ രാമകൃഷ്ണൻ, വി എം സുധീരൻ, എൻ ശക്തൻ, എം വിജയകുമാർ, എം ബി രാജേഷ്, എ എൻ ഷംസീർ തുടങ്ങിയവരെ ആദരിച്ചു. മുൻ ഡെപ്യൂട്ടി സ്പീക്കർമാരായ ഭാർഗവി തങ്കപ്പൻ, ജോസ് ബേബി, പാലോട് രവി, വി ശശി, ചിറ്റയം ഗോപകുമാർ എന്നിവരെയും ആദരിച്ചു. മുൻ നിയമസഭാംഗമായ പാലോളി മുഹമ്മദ് കുട്ടിയെയും മുൻ നിയമസഭാ സെക്രട്ടറി ആർ രാജേന്ദ്ര ബാബുവിനെയും മുതിർന്ന മാധ്യമപ്രവർത്തകനായ സണ്ണിക്കുട്ടി എബ്രഹാമിനെയും ചടങ്ങിൽ ആദരിച്ചു. ദേശീയ, അന്തർദേശീയ കായികമത്സരങ്ങളിൽ പങ്കെടുത്ത് മെഡലുകൾ കരസ്ഥമാക്കിയ മുൻ നിയമസഭാംഗം എം ജെ ജേക്കബിനും ചടങ്ങിൽ ആദരമർപ്പിച്ചു.

കേരളത്തിന്റെ നിയമനിർമാണചരിത്രം സൃഷ്ടിച്ചവർ ഒത്തുചേർന്ന സംഗമം ചരിത്രമായിരിക്കുകയാണെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. കേരളത്തെ മുന്നോട്ട് കൊണ്ടുപോകാൻ തുടർന്നും എല്ലാവരും ഒത്തുചേർന്ന് പ്രവർത്തിക്കണമെന്നും സ്പീക്കർ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിൽ സുപ്രധാന പങ്ക് വഹിക്കാൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വി എം സുധീരൻ പറഞ്ഞു. ഒന്നാം കേരള നിയമസഭയിൽ ഒരൊറ്റ ദിവസം പോലും സഭാസ്തംഭനം ഉണ്ടായിട്ടില്ല. കേവലം നാല് തവണ മാത്രമാണ് വാക്കൗട്ട് ഉണ്ടായിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റി എന്ന ആശയം കേരള നിയമസഭയുടേതാണ്. പിന്നീട് പാർലമെന്റിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിലവിൽ വന്നു. ഓരോ ബില്ലും കേരളനിയമസഭ പാസാക്കിയത് വിശദമായ ചർച്ചകൾക്ക് ശേഷമാണ്. ജനങ്ങളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും പ്രതിഫലിപ്പിക്കുന്ന വേദിയായി പ്രവർത്തിക്കാനും ആദ്യകാല പ്രതാപകാലം തിരിച്ചുപിടിക്കാനും ഇന്ത്യയിലെ ഏറ്റവും മികച്ച നിയമനിർമാണസഭയായി മാറാനും സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണന് കീഴിൽ കേരള നിയമസഭയ്ക്ക് കഴിയുമെന്നും അദ്ദേഹം പറഞ്ഞു. സഭാനടപടികളും ലൈബ്രറി റഫറൻസ് സംവിധാനവും എങ്ങനെ മെച്ചപ്പെടുത്താമെന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തണമെന്നും അദ്ദേഹം നിർദേശിച്ചു. സ്പീക്കറും മുൻ സ്പീക്കർമാരും സഭയിലെ അനുഭവങ്ങൾ പങ്കുവച്ചത് കൗതുകമായി.

നിയമസഭാ സെക്രട്ടറി ഇൻ ചാർജ് ഷാജി സി ബേബി നന്ദി രേഖപ്പെടുത്തി. തുടർന്ന് കേരളീയ ഗാനങ്ങൾ കോർത്തിണക്കി നിയമസഭാ ജീവനക്കാർ അവതരിപ്പിച്ച സംഗീതപരിപാടി അരങ്ങേറി. സംഗമത്തിന് മുന്നോടിയായി നിയമസഭാ ജീവനക്കാർ മെഗാ തിരുവാതിര അവതരിപ്പിച്ചു.



ഒരു ഭാഷണ സമൂഹത്തിലെ ജനങ്ങൾ പരസ്പരം ഉണ്ടാക്കിയെടുക്കുന്ന കരാറാണ് ഭാഷ: സാറാ ജോസഫ്

കൊച്ചി: ഒരു ഭാഷണ സമൂഹത്തിലെ ജനങ്ങൾ പരസ്പരം ഉണ്ടാക്കിയെടുക്കുന്ന കരാറാണ് ഭാഷയെന്ന് പ്രശസ്ത എഴുത്തുകാരി സാറ ജോസഫ് അഭിപ്രായപ്പെട്ടു. നിത്യ വ്യവഹാരത്തിൽ ഇല്ലായെങ്കിൽ ആ ഭാഷയുടെ മരണമാണ് കാണിക്കുന്നത്. വസ്തുക്കൾ, പ്രകൃതി, ബന്ധങ്ങൾ ഒക്കെ പ്രതിഫലിക്കാൻ ഉപയോഗിക്കുന്ന ഒരു വ്യവസ്ഥയാണ് ഭാഷ. ഭാഷയെ കുറിച്ച് ഏറ്റവുമധികവും ഭംഗിയായും സംസാരിച്ചിരിക്കുന്നത് എം. ടി. വാസുദേവൻ നായരാണ്. ടെക്നോളജിയുടെ കാലത്ത് ഒരു ഭാഷ എല്ലാവരും സ്വയത്തമാക്കേണ്ട അവസ്ഥ ഉണ്ടായിരിക്കുന്നു. ഭാഷ എന്നാൽ തനത് ജീവിതം തന്നെയാണ്. ആത്യന്തികമായി ഭാഷ ഒരു അധികാര വ്യവസ്ഥയാണ് അതേസമയം ആശയവിനിമയ ഉപാധിയാണെന്നും സാറാ ജോസഫ് പറഞ്ഞു. ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച മലയാള ഭാഷ വാരാചരണം ഉദ്ഘാടനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു സാറാ ജോസഫ്. അതുപോലെ മലയാള ഭാഷ സങ്കരം ആണെന്നും സ്വീകരണക്ഷമതയുള്ളവരാണ് മലയാളികൾ എന്നും അവർ തുടർന്നു പറഞ്ഞു. സാഹിത്യ അക്കാദമി മുൻ സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി എം ഐ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. എമിൽ പുള്ളിക്കാട്ടിൽ സി. എം. ഐ., എന്നിവർ പ്രസംഗിച്ചു. ഇതോടൊപ്പം വേൾഡ് ഓഫ് വിസിലേഴ്സ് അംഗങ്ങളുടെ മലയാള കവിത വിസിൽ ആലാപനവും ഉണ്ടായിരുന്നു.

യൂണിവേഴ്സൽ റെക്കോർഡ് ഓഫ് ബുക്ക് ദേശീയ റെക്കോർഡ്, ടാലന്റ് റെക്കോർഡ് ഓഫ് ബുക്സ് എന്നീ എന്നിവയിൽ മലയാളികളുടെ വിസിൽ റെക്കോർഡുകൾ സ്ഥാപിച്ചു.130 വിസിലേഴ്സ് ചുണ്ട്, നാവ് എന്നിവ കൊണ്ട് ചൂളമടിച്ച് ദേശീയ റെക്കോർഡുകൾ സ്ഥാപിച്ചു.

ഗിന്നസ് സത്താർ ആദൂർ, ഗിന്നസ് സുനിൽ ജോസഫ്, വേൾഡ് ഓഫ് വിസിലേഴ്സ് പ്രസിഡണ്ട് ജ്യോതി കമ്മത്ത്, സെക്രട്ടറി ബിജോയ് എം കെ എന്നിവർ പങ്കെടുത്തു.



എവേക് പ്രെയ്സ് പാർട്ടി ആത്മീയ സംഗീത വിരുന്നിന് വല്ലാർപാടം ബസിലിക്ക വേദിയാകുന്നു

കൊച്ചി: പ്രശസ്ത ധ്യാന ഗുരുക്കന്മാരായ ഫാ. ഡാനിയേൽ പൂവണ്ണത്തിൽ, ഫാ. ബിനോജ് മുളവരിക്കൽ എന്നിവർ നേതൃത്വം നല്കുന്ന 'എവേക് പ്രെയ്സ് പാർട്ടി' എന്ന ആത്മീയ സംഗീത വചന ശുശ്രൂഷയ്ക്ക് മരിയൻ തീർത്ഥാടന കേന്ദ്രമായ വല്ലാർപാടം ബസിലിക്കയിൽ വേദിയൊരുങ്ങുന്നു. 2026 ഡിസംബർ 26 നാണ് ബസിലിക്കയുടെ റോസറി പാർക്കിൽ 5 മണിക്കൂർ നീളുന്ന തത്സമയ സംഗീത പരിപാടികളോടെ വചന ശുശ്രൂഷകൾ അരങ്ങേറുന്നത്. പതിനായിരങ്ങൾ പങ്കെടുക്കുന്ന ഈ പരിപാടിയുടെ ഔദ്യോഗിക പ്രഖ്യാപനവും, ലോഗോ പ്രകാശനവും ഇന്നലെ നവംബർ 1 ഞായർ വല്ലാർപാടം ബസിലിക്കയിൽ ദിവ്യബലി മധ്യേ വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ നിർവ്വഹിച്ചു. റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത്, ഫാ. ജിക്സൺ ജോണി ചേരിയിൽ, ഫാ. അമൽ ആന്റണി മാളിയേക്കൽ, ചാവറ മാട്രിമോണി എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺസൺ സി എബ്രഹാം എന്നിവർ സന്നിഹിതരായിരുന്നു. തുടർന്ന് പരിപാടിയുടെ പ്രചരണാർത്ഥമുള്ള കൂറ്റൻ ഹൈട്രജൻ ബലൂൺ ബസിലിക്ക അങ്കണത്തിൽ ഉയർത്തുകയുണ്ടായി.

എറണാകുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രമുഖ ഫാമിലി വെൽഫയർ സ്ഥാപനമായ ചാവറ മാട്രിമോണിയാണ് പരിപാടികളുടെ മുഖ്യ പ്രായോജകർ.



സൊസൈറ്റി ടുഡേ SOCIETY TODAY

കേരളത്തിന്റെ എഴുപതാണ്ട് ആഘോഷിച്ച് ഫെസ്റ്റിവൽ ഓഫ് കേരളം

തിരുവനന്തപുരം: ആർജിത നേട്ടങ്ങളെ അഭിമാനപൂർവം ഉയർത്തിപ്പിടിച്ച് മലയാളികൾ ഒറ്റക്കെട്ടായി മുന്നോട്ട് പോകുമെന്ന് സാംസ്കാരിക, ടൂറിസം വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥ്. സംസ്ഥാന രൂപീകരണത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ പൂർത്തിയാകുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഫെസ്റ്റിവൽ ഓഫ് കേരളത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ദൈവത്തിന്റെ സ്വന്തം നാട് എന്ന ഖ്യാതി കേരളം നേടിയെടുത്തത് പ്രകൃതിഭംഗി കൊണ്ട് മാത്രമല്ല, സഹവർത്തിത്വവും എല്ലാ സമൂഹങ്ങളെയും ചേർത്ത് പിടിച്ച് കൊണ്ടുപോകാനുള്ള കഴിവും ഉള്ളത് കൊണ്ടാണെന്നും മന്ത്രി പറഞ്ഞു.



എഴുപത് വർഷത്തിൽ കേരളം ആന്തരികമായി ദൃഢമായെന്ന് ചടങ്ങിന് അധ്യക്ഷത വഹിച്ച ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ പറഞ്ഞു. വരുംതലമുറയ്ക്ക് പുതുയുഗം സമ്മാനിക്കാൻ വി ഡി സതീശൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി പറഞ്ഞു. എപ്പോഴൊക്കെ പ്രതിസന്ധി നേരിട്ടിട്ടുണ്ടോ അപ്പോഴെല്ലാം ഒരു സമൂഹം എന്ന നിലയ്ക്ക് ഒറ്റക്കെട്ടായി നിലകൊള്ളുകയും പരസ്പരം താങ്ങും തണലുമാവുകയും ചെയ്യുക എന്നത് മലയാളിയുടെ പ്രത്യേകതയാണെന്ന് വിശിഷ്ടാതിഥിയായ ടൊവിനോ തോമസ് പറഞ്ഞു. സർക്കാർ ചട്ടങ്ങളിലും നിയമങ്ങളിലും നടപടിക്രമങ്ങളും മാറ്റം വരുത്താൻ പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കാൻ കഴിയുന്ന ബിപിപിആർ പോർട്ടലിന്റെ ലോഞ്ച് ചടങ്ങിൽ മന്ത്രി പി സി വിഷ്ണുനാഥ് നിർവഹിച്ചു.

കേരളപ്പിറവിയോടനുബന്ധിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കുന്ന സമകാലിക ജനപഥത്തിന്റെ പ്രത്യേക ഭാഷാ പതിപ്പിന്റെ പ്രകാശനം മന്ത്രി പി സി വിഷ്ണുനാഥ് നിർവഹിച്ചു.

വിവിധ സർക്കാർ വകുപ്പുകൾക്കുള്ള ഭരണഭാഷാ പുരസ്കാരങ്ങൾ മന്ത്രി സി പി ജോണും ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹയും വിതരണം ചെയ്തു. മന്ത്രി പി സി വിഷ്ണുനാഥ് എല്ലാവർക്കും ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി അശോക് സ്വാഗതം ആശംസിച്ചു. സ്റ്റേറ്റ് പ്രോട്ടോകോൾ ഓഫീസർ അരവിന്ദ് ബി എസ് കൃതജ്ഞത രേഖപ്പെടുത്തി. ഉദ്ഘാടനചടങ്ങിന് ശേഷം മലയാളസംഗീതത്തിന്റെ ഏഴ് പതിറ്റാണ്ടുകളായുള്ള പരിണാമയാത്രയെ സംഗീതത്തിന്റെയും ദൃശ്യാവിഷ്കാരത്തിന്റെയും സമന്വയത്തിലൂടെ അവതരിപ്പിച്ച 'ഗാനാഞ്ജലി : കേരളത്തിന്റെ ആത്മാവിനുള്ള സംഗീതാർച്ചന' അരങ്ങേറി. ഉന്നത വിദ്യാഭ്യാസ വകുപ്പും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരളയും സംയുക്തമായാണ് ഗാനാഞ്ജലി സംഘടിപ്പിച്ചത്. തുടർന്ന് നർത്തകി സുമ വർമയുടെ നേതൃത്വത്തിൽ ശാസ്ത്രീയ നൃത്താവിഷ്കാരം അരങ്ങേറി. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം, കലാപാരമ്പര്യം, കായിക നേട്ടങ്ങൾ, സാമൂഹിക പുരോഗതി എന്നിവ ആഘോഷിക്കുന്നതിനും കേരളീയതയുടെ സവിശേഷതകൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനുമായാണ് ഫെസ്റ്റിവൽ ഒരുക്കിയിട്ടുള്ളത്. ഒരു വർഷം നീളുന്ന ആഘോഷ പരിപാടികളുടെ ആദ്യഘട്ടമായി ചെന്നൈ, ബെംഗളൂരു, മുംബൈ, ന്യൂഡൽഹി, കൊൽക്കത്ത നഗരങ്ങളിൽ 'ഫെസ്റ്റിവൽ ഓഫ് കേരളം'

വയറ്റിലെ സൂക്ഷ്മജീവികളും പാർക്കിൻസൺ സ്രോഗവും തമ്മിൽ ബന്ധമുണ്ടോ?

നിർണായക കണ്ടെത്തലുമായി കുസാറ്റും ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടും

കൊച്ചി/തിരുവനന്തപുരം: വിറയൽ, പേശികളുടെ മുറുക്കം, ചലനവൈകല്യങ്ങൾ എന്നിവയ്ക്ക് കാരണമാകുന്ന നാഡീവ്യൂഹ സംബന്ധിയായ പാർക്കിൻസൺസ് രോഗത്തിൽ, നമ്മുടെ കുടലിൽ ജീവിക്കുന്ന കോടിക്കണക്കിന് ബാക്ടീരിയകൾക്ക് പ്രധാന പങ്കുണ്ടെന്ന് കേരളത്തിലെ തിരഞ്ഞെടുത്ത രോഗികളിൽ നടത്തിയ പുതിയ പഠനം പറയുന്നു. ആഗോള തലത്തിലെ പ്രമുഖ സയന്റിഫിക് ജേർണലായ ചഖജ പാർക്കിൻസൺസ് ഡിസീസിലാണ് (ശാസ്ത്രത്തിലെ ഏറ്റവും വിപ്ലവകരമായ പുതിയ കണ്ടുപിടുത്തങ്ങൾ പ്രസിദ്ധീകരിക്കുന്ന നേച്ചർ ഗ്രൂപ്പിന്റെ, പാർക്കിൻസൺ രോഗവുമായി ബന്ധപ്പെട്ട ശാസ്ത്ര ജേർണൽ) ഈ പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്), തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി എന്നീ സ്ഥാപനങ്ങളിലെ ഗവേഷകർ നടത്തിയ പഠനത്തിലാണ് പാർക്കിൻസൺസ് രോഗികളുടെയും ആരോഗ്യവാന്മാരായ ആളുകളുടെയും കുടലിലെ ബാക്ടീരിയകളുടെ ഘടനയിൽ വ്യക്തമായ വ്യത്യാസങ്ങളുണ്ടെന്ന് കണ്ടെത്തിയത്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ധനസഹായത്തോടെ നടത്തിയ ഈ പഠനത്തിന് കുസാറ്റിലെ ഡോ. അനീസ പി.എ., ഡോ. ബേബി ചക്രപാണി പി.എസ്. (ഡയറക്ടർ, സെന്റർ ഫോർ ന്യൂറോസയൻസ്), ശ്രീചിത്രയിലെ ഡോ. ശ്യാംകൃഷ്ണൻ (പ്രൊഫസർ, ന്യൂറോളജിവിഭാഗം) എന്നിവരടങ്ങുന്ന സംഘമാണ് നേതൃത്വം നൽകിയത്. കുസാറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള ബയോ ഇൻഫർമാറ്റിക്സ് വിദഗ്ധർ, മൈക്രോബയോളജിസ്റ്റുകൾ, ബയോടെക്നോളജിസ്റ്റുകൾ എന്നിവരടങ്ങിയ വിവിധ മേഖലകളിലെ വിദഗ്ധരും സമഗ്ര പഠനത്തിൽ സഹകരിച്ചു.

ശരീര ചലനങ്ങളെ നിയന്ത്രിക്കാൻ സഹായിക്കുന്ന 'ഡോപാമിൻ' എന്ന രാസവസ്തു ഉത്പാദിപ്പിക്കുന്ന തലച്ചോറിലെ നാഡീകോശങ്ങൾ നശിക്കുമ്പോഴാണ് പാർക്കിൻസൺസ് രോഗം ഉണ്ടാകുന്നത്. കുടലും തലച്ചോറും തമ്മിൽ നിരന്തരം ആശയവിനിമയം നടത്തുന്നുണ്ടെന്നും കുടലിലെ ബാക്ടീരിയകളുടെ അസന്തുലിതാവസ്ഥ തലച്ചോറിനെ ബാധിക്കുന്ന വീക്കത്തിന് കാരണമാകുമെന്നും ശാസ്ത്രജ്ഞർ മുൻപേ സംശയിച്ചിരുന്നു. പാർക്കിൻസൺസ് രോഗികളിൽ വിറയൽ തുടങ്ങിയ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതിന് വർഷങ്ങൾക്കുമുമ്പുതന്നെ മലബന്ധവും മറ്റ് ദഹന പ്രശ്നങ്ങളും കണ്ടുവരാറുണ്ടെന്ന് മുൻ പഠനങ്ങൾ സൂചിപ്പിക്കുന്നു.

ശ്രീചിത്രയിലെ 'കോംപ്രിഹെൻസീവ് കെയർ സെന്റർ ഫോർ മൂവ്മെന്റ് ഡിസോർഡേഴ്സിൽ' ചികിത്സ തേടിയിരുന്ന 65 പാർക്കിൻസൺസ് രോഗികളെയും, ആരോഗ്യവാന്മാരായ 65 ആളുകളെയും ഉൾപ്പെടുത്തിയാണ് പഠനം നടത്തിയത്.

സാംപിളുകളിലെ ബാക്ടീരിയകളെ തിരിച്ചറിയാൻ ജീനോമിക് സാങ്കേതിക വിദ്യയും, ഈ സൂക്ഷ്മാണുക്കൾ കുടലിൽ എന്താണ് ചെയ്യുന്നതെന്ന് വിലയിരുത്താൻ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളുമാണ് ഗവേഷകർ ഉപയോഗിച്ചത്. കുടലിൽ വീക്കം ഉണ്ടാകുന്നതുമായി ബന്ധമുണ്ടാകാൻ സാധ്യതയുള്ള ബാക്ടീരിയകൾ പാർക്കിൻസൺ സ്രോഗികളിൽ കൂടുതലായി കാണപ്പെട്ടു. അതേസമയം, കുടലിന്റെ ആന്തരിക പാളിയുടെ ആരോഗ്യം നിലനിർത്താനും രോഗ പ്രതിരോധ സംവിധാനത്തെ നിയന്ത്രിക്കാനും സഹായിക്കുന്ന ഷോർട്ട് ചെയിൻ ഫാറ്റി ആസിഡുകൾ ഉൽപ്പാദിപ്പിക്കുന്ന ഗുണകരമായ ബാക്ടീരിയകൾ കുറഞ്ഞ അളവിലാണ് കണ്ടെത്തിയത്. ബാക്ടീരിയകളുടെ ഈ വ്യതിയാനം കുടലിന്റെ സംരക്ഷണഭിത്തിയെ ദുർബലപ്പെടുത്തുകയും വീക്കം പടരാൻ ഇടയാക്കുകയും ചെയ്യാമെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. ഈ ബാക്ടീരിയകളുടെ അളവിലുള്ള വ്യത്യാസങ്ങൾ പാർക്കിൻസൺസ് രോഗത്തിന്റെ തീവ്രതയുമായും രോഗത്തിന്റെ മറ്റ് ക്ലിനിക്കൽ സവിശേഷതകളുമായും ശക്തമായ ബന്ധംപുലർത്തുന്നതായും പഠനം കണ്ടെത്തി. കൂടാതെ, തലച്ചോറിന്റെ പ്രവർത്തനത്തിൽ പ്രധാന പങ്കുവഹിക്കുന്ന ഡോപമിൻ, ഗ്ലൂട്ടാമേറ്റ്, തുടങ്ങിയ രാസസന്ദേശവാഹകങ്ങളുമായി ബന്ധപ്പെട്ട പ്രക്രിയകളെ സ്വാധീനിക്കുന്നതിലൂടെ ഈ ബാക്ടീരിയകൾ പാർക്കിൻസൺസ് രോഗത്തിന്റെ പുരോഗതിയുമായി ബന്ധപ്പെട്ടിരിക്കാമെന്നും പഠനം സൂചിപ്പിക്കുന്നു.

ആഹാരരീതി, ജീവിതശൈലി, താമസിക്കുന്ന പ്രദേശം എന്നിവയെല്ലാം നമ്മുടെ വയറ്റിലെ സൂക്ഷ്മജീവികളുടെ ഘടനയെ സ്വാധീനിക്കുന്നുണ്ട്. വിവിധ രാജ്യങ്ങളിൽ നടന്നിട്ടുള്ള പഠനങ്ങളിൽ എന്തുകൊണ്ടാണ് വെവ്വേറെ ബാക്ടീരിയകൾ കണ്ടെത്തിയത് എന്നതിന് കാരണവും ഇതാണ്. അതുകൊണ്ടുതന്നെ ഓരോ നാടുകളിലെയും ജനവിഭാഗങ്ങളെക്കുറിച്ച് ഇത്തരത്തിലുള്ള പഠനങ്ങൾ നടക്കുന്ന രോഗങ്ങളെക്കുറിച്ചുള്ള കൃത്യമായ ധാരണ ലഭിക്കാൻ സഹായിക്കും. മുൻകാല പഠനങ്ങളെല്ലാം പാശ്ചാത്യ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലാണ് നടന്നിട്ടുള്ളത്; ദക്ഷിണേഷ്യൻ ജനവിഭാഗങ്ങളെ ഉൾപ്പെടുത്തിയുള്ള ഇത്തരം പഠനങ്ങൾ വളരെ വിരളമാണ്. കേരളത്തിൽ പാർക്കിൻസൺ രോഗാവസ്ഥയെ ആസ്പദമാക്കി ഇത്തരത്തിലൊരു സമഗ്ര പഠനം ആദ്യമായാണ് നടത്തുന്നത്. കേരളത്തിലെ രോഗികളിൽ കണ്ടുവരുന്ന ബാക്ടീരിയൽ പാറ്റേണുകൾ തിരിച്ചറിയുന്നത് വഴി, ഭാവിയിൽ ഈ രോഗ നിർണയത്തിനായുള്ള ലളിതമായ പരിശോധനകൾ വികസിപ്പിക്കാനും കുടലിന്റെ ആരോഗ്യം വീണ്ടെടുക്കുന്ന ചികിത്സാരീതികൾ കണ്ടെത്താനും സാധിച്ചേക്കും.



എ.എൻ.ആർ.എഫ്.പെയർ പദ്ധതി അവലോകനത്തിനായി ഹൈദരാബാദ് സർവകലാശാലാ പ്രതിനിധികൾ എം.ജി.യു.വിൽ

കോട്ടയം: ഹൈദരാബാദ് അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ പാർട്ണർഷിപ്സ് ഫോർ ആക്സിലറേറ്റഡ് ഇന്നൊവേഷൻ ആൻഡ് റിസർച്ച് (എ.എൻ.ആർ.എഫ്.പെയർ) പദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി പദ്ധതിയുടെ ഹബ് സ്ഥാപനമായ ഹൈദരാബാദ് സർവകലാശാലയിലെ പ്രതിനിധികൾ സന്ദർശനം നടത്തി. ഹബ്സ്പോക്ക് സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായിരുന്നു സന്ദർശനം.

മഹാത്മാഗാന്ധി സർവകലാശാലയിലെ എ.എൻ.ആർ.എഫ്.പെയർ പദ്ധതിയുടെ പുരോഗതി വിലയിരുത്തുക, ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക, ഹബ്സ്പോക്ക് സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുക എന്നിവയായിരുന്നു സന്ദർശനത്തിന്റെ ലക്ഷ്യം.

ഹൈദരാബാദ് സർവകലാശാലയിലെ എ.എൻ.ആർ.എഫ്.പെയർ പദ്ധതി ഡയറക്ടർ പ്രൊഫ. ബ്രമാനന്ദം മാനവതി, സഹ ഡയറക്ടർ പ്രൊഫ. സിബ കെ. ഉദ്ഗതയും എന്നിവരടങ്ങിയ സംഘമാണ് സന്ദർശനം നടത്തിയത്. പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സർവകലാശാലയിലെ വിവിധ വകുപ്പുകളും സംഘം സന്ദർശിച്ചു.

തുടർന്ന് നടന്ന കൂടിക്കാഴ്ചയിൽ, സമൂഹത്തിൽ വലിയ സ്വാധീനം സൃഷ്ടിക്കാൻ സാധ്യതയുള്ള, വെല്ലുവിളി നിറഞ്ഞ ഗവേഷണ പദ്ധതികളാണ് സർവകലാശാലകൾ ഏറ്റെടുത്തിട്ടുള്ളതെന്ന് മഹാത്മാഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അഭിപ്രായപ്പെട്ടു. ഇത്തരം സഹകരണങ്ങൾ രാജ്യത്തെ ഗവേഷണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. തോമസ് കുരുവിള, പ്രൊഫ. (ഡോ.) ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ, ഫിനാൻസ് ഓഫീസർ ബിജു മാത്യു മഹാത്മാഗാന്ധി സർവകലാശാലയിലെ എ.എൻ.ആർ.എഫ്.പെയർ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ പ്രൊഫ. (ഡോ.) രാധാകൃഷ്ണൻ ഇ.കെ., പദ്ധതിയുടെ കോപ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ പ്രൊഫ. (ഡോ.) എസ്. അനസ് തുടങ്ങിയവർ സംസാരിച്ചു.

കോപ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർമാരായ പ്രൊഫ. (ഡോ.) ജയചന്ദ്രൻ കെ., പ്രൊഫ. (ഡോ.) ബിജു പി.ആർ., പ്രൊഫ. (ഡോ.) ബിന്ദു വി.ആർ., ഡോ. ശ്രീകല എം.എസ്., ഡോ. നൗഫൽ കണ്ടോത്ത്, ഡോ. ഗൗതം ചന്ദ്ര എന്നിവരും പ്രോജക്ട് അസോസിയേറ്റുമാരും യോഗത്തിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



അമൃത ആശുപത്രിയും അമൃത വിശ്വവിദ്യാപീഠവും സംയുക്തമായി സംഘടിപ്പിച്ച 'മെറ്റാറസ് 3.0 ആവിഷ്കാർ' ദേശീയ സമ്മേളനം കേന്ദ്രമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യുന്നു.

ആരോഗ്യരംഗത്ത് എഐ വലിയ മാറ്റങ്ങൾ സൃഷ്ടിക്കും: സുരേഷ് ഗോപി

കൊച്ചി: രോഗനിർണയം കൂടുതൽ കൃത്യവും വേഗത്തിലുമാക്കാനും ആരോഗ്യപരിചരണം കൂടുതൽ ജനകീയമാക്കാനും നിർമിതബുദ്ധിക്ക് (എഐ) വലിയ സാധ്യതകളുണ്ടെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക, ടൂറിസം സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. കണ്ണിന്റെ റെറ്റിനയുടെ ചിത്രങ്ങൾ വിശകലനം ചെയ്ത് ഹൃദ്രോഗം, പക്ഷാഘാതം, വൃക്കരോഗങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ തിരിച്ചറിയുന്നതിനുള്ള ഗവേഷണം ആരോഗ്യരംഗത്ത് പുതിയ വഴികൾ തുറക്കുമെന്നും അദ്ദേഹം പറഞ്ഞു. നെടുമ്പാശ്ശേരിയിലെ ഫോർച്യൂൺ എയർപോർട്ട് ഹോട്ടലിൽ അമൃത ആശുപത്രിയും അമൃത വിശ്വവിദ്യാപീഠവും സംയുക്തമായി സംഘടിപ്പിച്ച 'മെറ്റാറസ് 3.0 ആവിഷ്കാർ' ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശാസ്ത്രീയമായ കൃത്യതയും ധാർമിക ഉത്തരവാദിത്വവും ഉറപ്പാക്കി എഐ സാങ്കേതികവിദ്യയെ രോഗികളുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. ഗവേഷണഫലങ്ങൾ പ്രായോഗിക ചികിത്സാ സംവിധാനങ്ങളിലേക്കും സാധാരണക്കാർക്ക് പ്രാപ്യമായ ആരോഗ്യസേവനങ്ങളിലേക്കും എത്തിക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം ചൂണ്ടിക്കാട്ടി.

ആരോഗ്യരംഗത്തെ ഗവേഷണവും സാങ്കേതികവിദ്യയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനായി അമൃതയിൽ സ്ഥാപിച്ച നാഷണൽ മെഡിക്കൽ ടെക്നോളജി ഇന്നൊവേഷൻ ഹബ്ബിന്റെയും ഉദ്ഘാടനം സുരേഷ് ഗോപി നിർവഹിച്ചു. ഡോക്ടർമാരെയും സാങ്കേതികവിദഗ്ധരെയും ഒരുമിപ്പിച്ച് രോഗികേന്ദ്രീകൃതമായ നൂതന പരിഹാരങ്ങൾ വികസിപ്പിക്കുകയാണ് ഹബ്ബിന്റെ ലക്ഷ്യം.

നേത്രരോഗികൾക്ക് രോഗാവസ്ഥയും ചികിത്സാ മാർഗങ്ങളും മനസ്സിലാക്കാൻ സഹായിക്കുന്ന റെറ്റിനഎഐ ആപ്പിന്റെ സ്വിച്ച് ഓൺ കർമം ഐസിഎംആർ റിസർച്ച് വിഭാഗം ഡയറക്ടർ ഡോ. മോന ദുഗ്ഗൽ നിർവഹിച്ചു. കാഴ്ചപരിശോധനാ സഹായങ്ങൾ, റെറ്റിന രോഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, ചികിത്സാ മാർഗനിർദേശങ്ങൾ, ഇംഗ്ലീഷ്, മലയാളം ഭാഷകളിലുള്ള എഐ ചാറ്റ് സൗകര്യം എന്നിവ ആപ്പിലുണ്ട്. ഇത് ഡോക്ടറുടെ പരിശോധനയ്ക്കും രോഗനിർണയത്തിനും പകരമല്ല, എന്നാൽ നേത്ര രോഗികൾക്ക് ചികിത്സാ വിവരങ്ങൾ അറിയുന്നതിന് ആപ്പ് സഹായകരമാവും. ഉദ്ഘാടന ചടങ്ങിൽ അമൃത വിശ്വവിദ്യാപീഠം വൈസ് ചാൻസിലർ ഡോ. വെങ്കട്ട് രംഗൻ , അമൃത ആശുപത്രി അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ.കെ.വി.ബീന തുടങ്ങിയവർ പങ്കെടുത്തു.

അമൃതയിലെ ഡോ. ഗോപാൽ എസ്. പിള്ളയുടെ നേതൃത്വത്തിലുള്ള സംഘം റെറ്റിന ചിത്രങ്ങളിലൂടെ വിവിധ രോഗസാധ്യതകൾ തിരിച്ചറിയുന്നതിനുള്ള ഗവേഷണങ്ങളും നടത്തുന്നുണ്ട്. മെഡിക്കൽ ഇമേജിങ്ങിലും ആരോഗ്യരംഗത്തെ എഐ പ്രയോഗങ്ങളിലും പുതിയ സാധ്യതകൾ ചർച്ച ചെയ്ത സമ്മേളനത്തിൽ ഡോക്ടർമാരും ഗവേഷകരും മെഡിക്കൽ വിദ്യാർത്ഥികളും സാങ്കേതികവിദഗ്ധരും പങ്കെടുത്തു.

കിംസ് ഹെൽത്തും സോൾസ് ഓഫ് കൊല്ലവും സംഘടിപ്പിച്ച റണ്ണിൽ ഭാഗമായത് 500ഓളം കുട്ടികൾ

കൊല്ലം: ശിശുദിനാഘോഷങ്ങളുടെ ഭാഗമായി കിംസ് ഹെൽത്ത് കൊല്ലവും സോൾസ് ഓഫ് കൊല്ലം റണ്ണേഴ്സ് ക്ലബ്ബും ചേർന്ന് സംഘടിപ്പിച്ച നാലാമത് ചിൽഡ്രൻസ് ഡേ സെലിബ്രേഷൻ റൺ ആവേശകരമായ കുട്ടിപങ്കാളിത്തത്തോടെ സമാപിച്ചു. കേരളപ്പിറവി ദിനത്തിൽ ആശ്രാമം ചിൽഡ്രൻസ് പാർക്കിന് സമീപമുള്ള നീലാമ്പരി ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഭിന്നശേഷിയുള്ളവരടക്കം അഞ്ഞൂറോളം കുട്ടികളാണ് പങ്കെടുത്തത്.

രണ്ട് പ്രായവിഭാഗങ്ങളിലായിയാണ് റണ്ണിൽ കുരുന്നുകൾ അണിനിരന്നത്. 8 മുതൽ 13 വയസ്സ് വരെയുള്ള കുട്ടികളുടെ വിഭാഗം ഫ്ലാഗ്ഓഫ് മേയർ എ. കെ. ഹഫീസും, 3 മുതൽ 7 വയസ്സ് വരെയുള്ളവരുടെ വിഭാഗം ഫ്ളാഗ്ഓഫ് കിംസ് ഹെൽത്ത് കൊല്ലം സിഒഒ സിനി നായർ, കൊല്ലം ജില്ലാ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ സെക്രട്ടറി അഡ്വ. ഡി. ഷൈൻ ദേവ്, ഡെക്കാത്‌ലോൺ കൊല്ലം സ്റ്റോർ മാനേജർ ജന്റിൽ ചാണ്ടി എന്നിവർ ചേർന്ന് നിർവ്വഹിച്ചു. മത്സരബുദ്ധിക്കപ്പുറം പങ്കാളിത്തവും സന്തോഷവും കായികക്ഷമതയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് റൺ സംഘടിപ്പിച്ചത്. പങ്കെടുത്ത എല്ലാ കുട്ടികൾക്കും ഫിനിഷർ മെഡലുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. സുരക്ഷിതമായിരിക്കാൻ നിരത്തുകളിലെ ജാഗ്രതയും അത്യന്താപേക്ഷിതമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് റോഡ് സുരക്ഷയുടെ പ്രാധാന്യവും ഉത്തരവാദിത്തങ്ങളും സമൂഹത്തെ ഓർമ്മിപ്പിക്കുന്നതിന് കൂടിയാണ് ഈ റൺ.



'കുട്ടികളെ കുട്ടികളായി തന്നെ വളരാൻ അനുവദിക്കുക എന്നതാണ് ഈ റണ്ണിന്റെ പ്രധാന സന്ദേശം. ബാല്യകാലം എന്നത് എത്ര അമൂല്യമാണെന്നും കുട്ടികളുടെ മുഖത്തെ ചിരി നിലനിർത്തുന്നതിൽ കായികവിനോദങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് ഓർമ്മിപ്പിക്കേണ്ടതും ഇന്നത്തെ കാലത്ത് വളരെ പ്രധാനമാണ്.' കിംസ് ഹെൽത്ത് കൊല്ലം സിഒഒ സിനി നായർ പറഞ്ഞു.

മേയർ എ. കെ. ഹഫീസ് ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ കിംസ് ഹെൽത്ത് കൊല്ലം സിഒഒ സിനി നായർ, കൊല്ലം ജില്ലാ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ സെക്രട്ടറി അഡ്വ. ഡി. ഷൈൻ ദേവ്, ഡെക്കാത്‌ലോൺ കൊല്ലം സ്റ്റോർ മാനേജർ ജന്റിൽ ചാണ്ടി എന്നിവരെ കൂടാതെ സോൾസ് ഓഫ് കൊല്ലം ഫൗണ്ടർ അഡ്വ.വിജയരാജ്, സെക്രട്ടറി രാജു രാഘവൻ, പ്രസിഡന്റ് പ്രവീൺ പി. കെ., ക്ലബ്ബ് ട്രഷറർ സി.എൽ.ഉണ്ണികൃഷ്ണൻ, ഹാരി ലൈഫ്സ്റ്റൈൽ സ്റ്റുഡിയോ എംഡി സിൻ ഹാരിമോൾ എന്നിവരും ഭാഗമായി.



സിബിഎൽ ആറാം സീസൺ എട്ടാം മത്സരം അരോമ ചുണ്ടൻ വിജയി

ആലപ്പുഴ: സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ചുണ്ടൻ വള്ളങ്ങളുടെ ഐപിഎൽ മാതൃകയിലുള്ള ചാമ്പ്യൻസ് ബോട്ട് ലീഗ് (സി.ബി.എൽ.) ആറാം സീസണിന്റെ ആലപ്പുഴ പുളിങ്കുന്നിൽ നടന്ന എട്ടാം മത്സരത്തിൽ കൊല്ലം അരോമ ബോട്ട് ക്ലബ് തുഴഞ്ഞ അരോമ ചുണ്ടൻ (3.06.139 മിനിറ്റ്) വിജയികളായി. ഫൈനൽ ലാപ്പ് വരെ മൂന്നാമതായിരുന്ന അരോമ അവസാന നൂറുമീറ്ററിൽ നടത്തിയ അവിശ്വസനീയ കുതിപ്പ് സിബിഎൽ ചരിത്രത്തിലെ തന്നെ മികച്ച മുഹൂർത്തങ്ങളിലൊന്നായി.

വീയപുരം ചുണ്ടൻ(യുബിസി കൈനകരി എഫ് സി) രണ്ടാമതും(3.06.669 മിനിറ്റ്) മേൽപ്പാടം ചുണ്ടൻ (പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ്) (3.06.797 മിനിറ്റ്) മൂന്നാമതും ഫിനിഷ് ചെയ്തു.

പുളിങ്കുന്ന് പഞ്ചായത്ത് പ്രസിഡന്റ് ഒസേപ്പച്ചൻ വെമ്പാടുംതറ അധ്യക്ഷനായ ചടങ്ങിൽ കുട്ടനാട് എംഎൽഎ റെജി ചെറിയാൻ പുളിങ്കുന്നിലെ മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. മുൻ എംഎൽഎയും സിബിഎൽ ടെക്നിക്കൽ കമ്മിറ്റി അംഗം സി കെ സദാശിവൻ മത്സരങ്ങൾ ഫ്ളാഗ് ഓഫ് ചെയ്തു. സിബിഎൽ ഭരണസമിതി അംഗങ്ങൾ, ടൂറിസം വകുപ്പ് ഉന്നത ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

രാജ്യാന്തര സമുദ്രസിമ്പോസിയം ബുധനാഴ്ച മുതൽ കൊച്ചിയിൽ തുടങ്ങും

കൊച്ചി: മാറുന്ന കാലാവസ്ഥയും മത്സ്യമേഖലയുടെ ഭാവിയും ചർച്ച ചെയ്യുന്നതിനായി 30 രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധർ പങ്കെടുക്കുന്ന രാജ്യാന്തര സിമ്പോസിയം ബുധനാഴ്ച മുതൽ (നവംബർ നാല്) മുതൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) തുടങ്ങും.

കാലാവസ്ഥ വെല്ലുവിളികൾക്കിടയിൽ സമുദ്ര ആവാസവ്യവസ്ഥയും മത്സ്യബന്ധന മേഖലയും സംരക്ഷിക്കാൻ ഉപഗ്രഹ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് ത്രിദിന ട്രെവർസഫാരി സിമ്പോസിയം ഊന്നൽ നൽകും.

സമുദ്രോപരിതല താപനിലയിലെ വർധനവ്, കാലവർഷത്തിലെ മാറ്റം, ചുഴലിക്കാറ്റ് പോലുള്ള തീവ്രകാലാവസ്ഥാ സംഭവങ്ങൾ, സമുദ്ര ജൈവവൈവിധ്യം എന്നിവ മുതൽ പരമ്പരാഗത കടലറിവുകൾ വരെയുള്ള വിവിധ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

മത്സ്യസമ്പത്ത് കൃത്യമായി മനസ്സിലാക്കുന്നതിനും മുന്നറിയിപ്പുകൾ നൽകുന്നതിനും ഉപഗ്രഹസാങ്കേതികവിദ്യകളുടെ സാധ്യതകൾ പരിശോധിക്കും. കാലാവസ്ഥാ പ്രതിരോധ മത്സ്യബന്ധനരീതികൾ വികസിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ തയ്യാറാക്കും. മത്സ്യമേഖലയിലെ സ്ത്രീകളുടെ പങ്ക് സാങ്കേതിക സെഷനുകളിൽ ചർച്ചയാകും. ജലാശയ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ ധനസഹായത്തോടെ പ്രത്യേക സെഷനുണ്ടാകും.

സമുദ്ര ശാസ്ത്രജ്ഞർ, കാലാവസ്ഥറിമോട് സെൻസിഗ് വിദഗ്ധർ, ഗവേഷകർ, നയരൂപീകരണ വിദ്ഗധർ തുടങ്ങിയവരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. എൺപതിലേറെ വിദേശ പ്രതിനിധികൾ സിമ്പോസിയത്തിൽ സംസാരിക്കും.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കെമിക്കൽ ഓഷ്യനോഗ്രഫി വകുപ്പ്, ട്രെവർ പ്ലാറ്റ് സയൻസ് ഫൗണ്ടേഷൻ, സിഎംഎഫ്ആർഐ, മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവർ സംയുക്തമായാണ് സിമ്പോസിയം സംഘടിപ്പിക്കുന്നത്.

സിമ്പോസിയത്തിന്റെ ഭാഗമായി നവംബർ ഒന്നിന് ആരംഭിച്ച നാനോപോഗോ പ്രോജക്ട് പ്രീസിമ്പോസിയം ശിൽപശാലയിൽ 24 രാജ്യങ്ങളിൽ നിന്നുള്ള 31 ഗവേഷകർ പങ്കെടുക്കുന്നുണ്ട്. ജിയോ ബ്ലൂ പ്ലാനറ്റ് വർക്കിങ് ഗ്രൂപ്പിന്റെ റീജണൽ ശിൽപശാലയും ബംഗാൾ ഉൾക്കടൽ കേന്ദ്രീകരിച്ചുള്ള സമുദ്ര ഗവേഷകരുടെ കൂട്ടായ്മയായ 'ബോബ്നോർ' ശൃംഖലയുടെ ഉദ്ഘാടനവും ഇന്ന് നടക്കും.

സൊസൈറ്റി ടുഡേ SOCIETY TODAY

വീടുകളുടെ സുരക്ഷ കൂട്ടാൻ ഫേസ് ഐഡി സാങ്കേതിക വിദ്യയുമായി ഗോദറേജ് എന്റർപ്രൈസസ് ഗ്രൂപ്പ്

കൊച്ചി: വീടുകളിലും പാർപ്പിട സമുച്ചയങ്ങളിലും കൂടുതൽ സുരക്ഷ ഉറപ്പാക്കാനായി ഫേസ് ഐഡി ലോക്കിംഗ് സംവിധാനം അവതരിച്ചു ഗോദറേജ്. ഇന്ത്യയിലെ ഹോം ലോക്കർ ശ്രേണിയിലെ മുൻനിര വിപണനക്കാരായ ഗോദറേജ് എന്റർപ്രൈസസ് ഗ്രൂപ്പിന്റെ സെക്യൂരിറ്റി സൊല്യൂഷൻസ് ബിസിനസ് വിഭാഗമാണ് പുതിയ എൻഎക്സ് പ്രോ എൻക്രിപ്റ്റ് ഹോം ലോക്കറും സീത്രൂ തേർഡ് ഐ മൾട്ടി അപ്പാർട്ട്മെന്റ് വീഡിയോ ഡോർ ഫോണും പുറത്തിറക്കിയത്.

ആധുനിക കുടുംബങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് രൂപകൽപ്പന ചെയ്ത എൻഎക്സ് പ്രോ എൻക്രിപ്റ്റ് ഹോം ലോക്കറിൽ ഫേസ് ഐഡി, വിരലടയാളം ഉപയോഗിച്ചുള്ള ബയോമെട്രിക് ലോക്ക്, ഡിജിറ്റൽ പിൻ എന്നിവയുമുണ്ട്. 128ബിറ്റ് എഇഎസ് എൻക്രിപ്ഷൻ ഉപയോഗിച്ചുള്ള ഫേസ് ഐഡിയും ഇൻഫ്രാറെഡ് അധിഷ്ഠിത തിരിച്ചറിയൽ സംവിധാനവും ലോക്കറിന്റെ സുരക്ഷയും ഉപയോഗ സൗകര്യവും വർധിപ്പിക്കുന്നു. 19 പേരുടെ ഫേസ് ഐഡിയും 49 പേരുടെ വിരലടയാളങ്ങളും 19 വരെ രഹസ്യ കോഡുകളും ഇതിൽ സൂക്ഷിക്കാനാകും.

പാർപ്പിട സമുച്ചയങ്ങളിൽ കൂടുതൽ സുഗമവും പരസ്പരം ബന്ധിപ്പിച്ചതുമായ പ്രവേശന സംവിധാനം ഒരുക്കുന്നതിനാണ് സീത്രൂ തേർഡ് ഐ മൾട്ടി അപ്പാർട്ട്മെന്റ് വീഡിയോ ഡോർ ഫോൺ രൂപകൽപ്പന ചെയ്തിരിക്കുന്നത്. മുഖം തിരിച്ചറിയാനുള്ള സംവിധാനത്തിനു പുറമെ മൊബൈൽ ആപ്ലിക്കേഷൻ, ക്യൂആർ കോഡ്, ഐസി കാർഡ്, പാസ്വേഡ് എന്നിവ ഉപയോഗിച്ചും പ്രവേശനം സാധ്യമാക്കാം.



വലിയ പാർപ്പിട സമുച്ചയങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് രൂപകൽപ്പന ചെയ്ത ഈ സംവിധാനത്തിൽ 10,000 പേരുടെ വരെ ഫേസ് ഐഡികൾ സൂക്ഷിക്കാനാകും. ഒരൊറ്റ ശൃംഖലയിലൂടെ 98 കെട്ടിടങ്ങളിൽ വരെ സംവിധാനം സ്ഥാപിക്കാനും 32 ഐപി ക്യാമറകളുമായി ബന്ധിപ്പിക്കാനും സാധിക്കും.

47,499 രൂപ മുതലാണ് എൻഎക്സ് പ്രോ എൻക്രിപ്റ്റ് ഹോം ലോക്കറിന്റെ വില. രാജ്യത്തുടനീളമുള്ള അംഗീകൃത ഗോദറേജ് സെക്യൂരിറ്റി സൊല്യൂഷൻസ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ, ഡീലർമാർ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവിടങ്ങളിൽ ലഭ്യമാണ്. സീത്രൂ തേർഡ്ഐ മൾട്ടി അപ്പാർട്ട്മെന്റ് വീഡിയോ ഡോർ ഫോൺ രാജ്യത്തുടനീളമുള്ള പാർപ്പിട പദ്ധതികൾക്കായി സേവനം നൽകുന്ന അംഗീകൃത വിതരണ പങ്കാളികൾ വഴിയും പ്രോജക്ട് സെയിൽസ് ടീമുകൾ വഴിയും ലഭിക്കും.

സന്നദ്ധ സേവനമേഖലയിലേക്ക് 100 കോടി രൂപ

ജീവകാരുണ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്ന് ഡോ. ജോയ് ആലുക്കാസ്

കൊച്ചി: ജോയ്ആലുക്കാസ് സ്ഥാപകനും ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസിന്റെ ചെയർമാനുമായ ഡോ. ജോയ് ആലുക്കാസിന്റെ എഴുപതാം ജന്മദിനാഘോഷവേളയിൽ 100 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ പ്രഖ്യാപിച്ചു. മുഖ്യമന്ത്രി വി ഡി സതീശനാണ് പദ്ധതി പ്രഖ്യാപനം നടത്തിയത്. നിർധനരും നിരാലംബരുമായ ജനവിഭാഗങ്ങൾക്കിടയിൽ സേവന പ്രവർത്തനങ്ങൾ വിപുലീകരിക്കാനും അടിസ്ഥാനസൗകര്യ വികസനത്തിനും സാമ്പത്തിക സഹായത്തിനുമായാണ് 100 കോടി രൂപ വിനിയോഗിക്കുക. സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കുള്ള ഭവന നിർമാണം, പെൺകുട്ടികളുടെ വിദ്യാഭ്യാസം, വയോജന ക്ഷേമം, പാവപ്പെട്ടവർക്കുള്ള ചികിത്സ, സ്ത്രീ ശാക്തീകരണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പാക്കുക. പദ്ധതികൾ പൂർണമായും അർഹരിലേക്ക് എത്തുന്നതിന് സുതാര്യവും നീതിയുക്തവുമായ സംവിധാനം ഏർപ്പെടുത്തും. കമ്പനിയുടെ സാമൂഹിക സന്നദ്ധ പ്രവർത്തനങ്ങൾ താഴേക്കിടയിലെ ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിക്കുന്ന സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മാതൃകാപരമായ സംഭാവന നൽകുകയാണ് ജോയ്ആലുക്കാസ് ലക്ഷ്യമിടുന്നത് എന്ന് ഡോ. ജോയ് ആലുക്കാസ് പറഞ്ഞു. അടിസ്ഥാന ജനവിഭാഗങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചയിലൂടെ മാത്രമേ യഥാർത്ഥ വികസനം സാധ്യമാകൂ. രാജ്യമൊട്ടാകെ ഈ മേഖലയിൽ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കാൻ ജോയ്ആലുക്കാസിന് സാധിച്ചതായും വരും വർഷങ്ങളിൽ വിപുലമായ പദ്ധതികളാണ് പാവപ്പെട്ടവർക്കായി നടപ്പാക്കാൻ ലക്ഷ്യമിടുന്നതെന്നും ഡോ. ജോയ് ആലുക്കാസ് കൂട്ടിച്ചേർത്തു.



ജോയ്ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് ആലുക്കാസിന്റെ എഴുപതാം ജന്മദിനാഘോഷവേളയിൽ മുഖ്യമന്ത്രി വി ഡി സതീശൻ 100 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പദ്ധതി പ്രഖ്യാപനം ചെയ്യുന്നു. ചടങ്ങിൽ ജോയ്ആലുക്കാസ് ഡയറക്ടർ ജോളി ജോയ് ആലുക്കാസ്, ജോയ്ആലുക്കാസ് സി.ഇ.ഒ ജോൺ പോൾ ആലുക്കാസ്, ജോയ്ആലുക്കാസ് എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ആന്റണി ജോസ്, തോമസ് മാത്യു, ഡയറക്ടർമാരായ സോണിയ ആലുക്കാസ്, മേരി ആന്റണി, എൽസ ജോയ് ആലുക്കാസ് എന്നിവർ.

പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തെ മുഖ്യധാരയിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ ജോയ്ആലുക്കാസ് ഗ്രൂപ്പ് രാജ്യത്തുടനീളം നിരവധി സന്നദ്ധ സേവന പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഡയാലിസിസ് രോഗികൾക്കുള്ള സാമ്പത്തിക പിന്തുണ, ഹൃദ്രോഗികൾക്ക് സൗജന്യ പേസ്മേക്കറുകൾ, മറ്റു മെഡിക്കൽ സഹായങ്ങൾ തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പുറമെ ജോയ്ആലുക്കാസിന്റെ നേതൃത്വത്തിൽ ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലായി 550തിലധികം വീടുകളും നിരവധി വിദ്യാർഥികൾക്ക് 'ജോയ് ഓഫ് ഹോപ്പ്' സ്കോളർഷിപ്പുകളും നൽകിയിട്ടുണ്ട്. വനിതകൾക്കായി സംരംഭകത്വ ശാക്തീകരണ ക്ലാസുകൾ, പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ടുള്ള 'ജോയ് ഫോർ എർത്ത്' എന്നിവയ്ക്ക് പുറമെ സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി, ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ സഹായമെത്തിക്കാനും ജോയ്ആലുക്കാസിന് കഴിഞ്ഞിട്ടുണ്ട്.

കൊച്ചിയിൽ നടന്ന ജന്മദിനാഘോഷത്തിൽ ചലച്ചിത്ര താരങ്ങളായ മമ്മൂട്ടി ,ദിലീപ്, കുഞ്ചാക്കോ ബോബൻ, നാദിർഷ, ആന്റണി പെരുമ്പാവൂർ, മജീഷ്യൻ ഗോപിനാഥ് മുതുകാട്, വ്യവസായ പ്രമുഖരായ കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി, ഗോകുലം ഗോപാലൻ, ടി.എസ് പട്ടാഭിരാമൻ, നവാസ് മീരാൻ, മന്ത്രി മോൻസ് ജോസഫ്, ഹൈബി ഈഡൻ എംപി, എം എൽഎമാരായ ഉമാ തോമസ്, ടി ജെ വിനോദ്, രാജൻ പല്ലൻ, കൊച്ചി മേയർ മിനിമോൾ വി കെ, തൃശൂർ മേയർ ഡോ. നിജി ജസ്റ്റിൻ തുടങ്ങി സിനിമ, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക ,വ്യവസായ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു.

മിഡിൽ ഈസ്റ്റിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിച്ച് ലുലുഗ്രൂപ്പ്; വാക്ക് ഇൻ ഇന്റർവ്യു നവംബർ 5ന്

തൃശൂർ: മിഡിൽ ഈസ്റ്റിലെ ഹൈപ്പർമാർക്കറ്റുകളിലേക്ക് വിവിധ തസ്തികകളിൽ ജോലി ഒഴിവുകളുമായി ലുലുഗ്രൂപ്പ് വാക്ക് ഇൻ അഭിമുഖം സംഘടിപ്പിക്കുന്നു. നവംബർ 5ന് തൃശൂർ ഹയാത്ത് റീജൻസിയിൽ രാവിലെ 9 മുതൽ വൈകിട്ട് 3 വരെയാണ് അഭിമുഖം നടക്കുക. മാനേജ്മെന്റ് ട്രെയിനീസ്, ജൂനിയർ അക്കൗണ്ടന്റ്സ്, സെയിൽസ്മാൻ, കാഷ്യർ തുടങ്ങി നിരവധി തസ്തികകളിലേക്കാണ് പുരുഷ ഉദ്യോഗാർത്ഥികൾക്ക് അവസരം ഒരുങ്ങുന്നത്. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസ സൗകര്യം, യാത്രാസൗകര്യം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കും.

തസ്തികകൾ ചുവടെ:

മാനേജ്മെന്റ് ട്രെയിനീസ്: എംബിഎ ബിരുദവും റീട്ടെയിൽ സ്റ്റോറുകളിൽ രണ്ടുവർഷത്തെ പ്രവൃത്തിപരിചയവും വേണം. പ്രായപരിധി 30 വയസ്സിൽ താഴെ. ജൂനിയർ അക്കൗണ്ടന്റ്സ്: എംകോം ബിരുദവും അക്കൗണ്ട്സ് വിഭാഗത്തിൽ രണ്ടുവർഷത്തെ പ്രവൃത്തിപരിചയവും ആവശ്യമാണ്.

പ്രായം 30 വയസ്സിൽ താഴെ

സെയിൽസ്മാൻ/കാഷ്യർ: പ്ലസ് ടു യോഗ്യതയും വസ്ത്രം, സാരി, പാദരക്ഷകൾ, ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ, സൂപ്പർമാർക്കറ്റ് മേഖലകളിൽ കുറഞ്ഞത് രണ്ടുവർഷത്തെ പ്രവൃത്തിപരിചയവും വേണം. പ്രായപരിധി 20–28 വയസ്സ്.

ബുച്ചർ, ഫിഷ് മംഗർ, കുക്ക്, സെക്യൂരിറ്റി ജീവനക്കാർ, ഇലക്ട്രീഷ്യൻ, ബേക്കർ, മലബാർ സ്നാക്സ് മേക്കർ, ആർട്ടിസ്റ്റ് തുടങ്ങിയ ഒഴിവുകളുമുണ്ട്. ബന്ധപ്പെട്ട മേഖലയിൽ കുറഞ്ഞത് മൂന്നുവർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം. പ്രായം 40 വയസ്സിൽ താഴെ. പുരുഷ ഉദ്യോഗാർഥികൾക്ക് മാത്രമാണ് അപേക്ഷിക്കാനാകുക.

അഭിമുഖത്തിന് പങ്കെടുക്കുന്നവർ വിശദമായ ബയോഡാറ്റ, പുതിയ പാസ്പോർട്ട് സൈസ് ഫോട്ടോ, ഒറിജിനൽ പാസ്പോർട്ട്, വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളും കൊണ്ടുവരണം. കൂടുതൽ വിവരങ്ങൾക്ക്: 75938 12223, 75938 12225.

ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു

കൊച്ചി: അഞ്ചാമത് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരത്തിന് കൃതികൾ ക്ഷണിച്ചു. 2025 നവംബർ ഒന്നിനും 2026 ഒക്ടോബർ മുപ്പത്തൊന്നിനുമിടയിൽ പ്രസിദ്ധീകരിച്ച മലയാളത്തിലുള്ള മൗലീക കൃതിയാണ് പുരസ്കാരത്തിന് അർഹമാവുന്നത്.

ഒരു ലക്ഷം രൂപയും ശില്പവുമടങ്ങുന്നതാണ് പുരസ്കാരം. പ്രസാധകർക്കൊപ്പം വായനക്കാർക്കും പുസ്തകങ്ങൾ നിർദ്ദേശിക്കാവുന്നതാണ്. ബാങ്കിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുള്ള എലറ്റമഹ ആമിസ ഘശല്യേമ്യൂ അംമൃറ എന്ന ലിങ്കിലൂടെയാണ് വായനക്കാർ പുസ്തകങ്ങൾ നിർദ്ദേശിക്കേണ്ടത്. ഒരാൾക്ക് മൂന്നു പുസ്തകങ്ങൾ വരെ നിർദ്ദേശിക്കാവുന്നതാണ്.

'നമ്മുടെ പൈതൃകത്തെ തലമുറകളിലേക്ക് പകർന്നുനൽകുകയും ഓരോ തലമുറയുടെയും ഭാവനയ്ക്ക് പുതിയ ചിറകുകൾ നൽകുകയും ചെയ്യുന്നതിൽ സാഹിത്യത്തിന് വലിയ പങ്കുണ്ട്. സംസ്കാരത്തെ രൂപപ്പെടുത്തുകയും ഭാവിതലമുറകൾക്ക് പ്രചോദനമാകുകയും ചെയ്യുന്ന എഴുത്തുകാരുടെ ശബ്ദങ്ങളെയാണ് സാഹിത്യപുരസ്കാരത്തിലൂടെ ആദരിക്കുന്നത്,' ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിംഗ് ഓഫീസർ എം. വി. എസ്. മൂർത്തി പറഞ്ഞു.

വായനക്കാരും പ്രസാധകരും നിർദ്ദേശിച്ച പുസ്തകങ്ങളിൽ നിന്ന് തയ്യാറാക്കിയ ചുരുക്കപ്പട്ടിക വിദഗ്ധരടങ്ങുന്ന ജൂറി വിലയിരുത്തി പുരസ്കാരത്തിന് അർഹമാവുന്ന പുസ്തകം തെരഞ്ഞെടുക്കും.

കോഴിക്കോട് ബീച്ചിൽ നടക്കുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ 2027 ന്റെ വേദിയിൽ വച്ചായിരിക്കും പുരസ്കാരം സമ്മാനിക്കുക.

കെ വേണുവിന്റെ ആത്മകഥയായ ഒരന്വേഷണത്തിന്റെ കഥ, സാറാ ജോസഫ് എഴുതിയ കറ, ഇ സന്തോഷ് കുമാറിന്റെ തപോമയിയുടെ അച്ഛൻ, ഡോ. കെ ശ്രീകുമാർ എഴുതിയ എം ടി വാസുദേവൻ നായർ എന്നീ കൃതികളാണ് കഴിഞ്ഞ വർഷങ്ങളിൽ ഫെഡറൽ ബാങ്ക് സാഹിത്യപുരസ്കാരത്തിന് അർഹമായത്.

പുസ്തകങ്ങൾ നിർദ്ദേശിക്കാനുള്ള അവസാന തീയതി നവംബർ 15.

സൊസൈറ്റി ടുഡേ SOCIETY TODAY

മുത്തൂറ്റ് ഫിനാൻസിന്റെ സംയോജിത അറ്റാദായം 39 ശതമാനം വർദ്ധിച്ച് 6,103 കോടി രൂപയായി

കൊച്ചി: മുത്തൂറ്റ് ഫിനാൻസ് നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെയും രണ്ടാം പാദത്തിലെയും സാമ്പത്തിക ഫലങ്ങൾ പ്രഖ്യാപിച്ചു. കമ്പനിയുടെ അർദ്ധ വാർഷിക സംയോജിത അറ്റാദായം മുൻവർഷത്തെ അപേക്ഷിച്ച് 39 ശതമാനം വർദ്ധിച്ച് 6,103 കോടി രൂപയിലെത്തി. സംയോജിത വായ്പാ ആസ്തി 42 ശതമാനം വളർച്ചയോടെ 2,09,317 കോടി രൂപയിലെത്തി. സംയോജിത സ്വർണ്ണപ്പണയ വായ്പാ ആസ്തി 46 ശതമാനം വർദ്ധിച്ച് 1,93,212 കോടി രൂപയായി.

മുത്തൂറ്റ് ഫിനാൻസിന്റെ മാത്രം അർദ്ധവാർഷിക അറ്റാദായം 26 ശതമാനം വർദ്ധിച്ച് 5,527 കോടി രൂപയായി. രണ്ടാം പാദത്തിൽ മുത്തൂറ്റ് ഫിനാൻസിന്റെ മാത്രം അറ്റാദായം 27 ശതമാനം വർദ്ധിച്ച് 2,977



അലക്സാണ്ടർ ജോർജ്ജ്

കോടി രൂപയാണ്. അർദ്ധവർഷത്തിൽ മുത്തൂറ്റ് ഫിനാൻസിന്റെ മാത്രം വായ്പാ ആസ്തി 42 ശതമാനം വളർച്ചയോടെ 1,87,810 കോടി രൂപയായി ഉയർന്നു. ഒക്ടോബർ ഒന്ന് മുതൽ അലക്സാണ്ടർ ജോർജ്ജ് മുത്തൂറ്റ് മാനേജിംഗ് ഡയറക്ടറായും, ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് എക്സിക്യൂട്ടീവ് വൈസ് ചെയർമാനായും ഈപ്പൻ അലക്സാണ്ടർ ഹോൾ ടൈം ഡയറക്ടറായും കെ.ആർ. ബിജിമോൻ സിഇഒ ആയും പുതിയ ചുമതലകളേറ്റു. പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൂർണ്ണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ മുത്തൂറ്റ് മണി ലിമിറ്റഡിനെ മുത്തൂറ്റ് ഫിനാൻസുമായി ലയിപ്പിക്കാനും ബോർഡ് അനുമതി നൽകി.

മുത്തൂറ്റ് ഗ്രൂപ്പിന്റെ ഉപസ്ഥാപനങ്ങളായ ബെൽസ്റ്റാർ മൈക്രോ ഫിനാൻസ് 144 കോടി രൂപയുടെ അർദ്ധവാർഷിക അറ്റാദായം നഷ്ടത്തിൽ നിന്നും വലിയ തിരിച്ചുവരവ് നടത്തിയപ്പോൾ, മുത്തൂറ്റ് ഹോം ഫിൻ 11 കോടി രൂപയുടെയും ഏഷ്യ അസറ്റ് ഫിനാൻസ് 84 കോടി ശ്രീലങ്കൻ രൂപയുടെയും അറ്റാദായം സ്വന്തമാക്കി. നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ മുത്തൂറ്റ് ഗ്രൂപ്പ് മൊത്തം 336 പുതിയ ബ്രാഞ്ചുകൾ തുറന്നു.

കമ്പനിയുടെ പ്രവർത്തനഫലങ്ങളെക്കുറിച്ച് മാനേജിങ് ഡയറക്ടർ അലക്സാണ്ടർ ജോർജ് മുത്തൂറ്റ് പറഞ്ഞു 2027 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ തന്നെ മുത്തൂറ്റ് ഫിനാൻസ് മികച്ച പ്രകടനത്തോടെയാണ് മുന്നേറിയത്. ഒന്നാം പാദത്തിൽ കമ്പനിയുടെ സംയോജിത വായ്പാ ആസ്തി 1,91,532 കോടി രൂപയെന്ന എക്കാലത്തെയും ഉയർന്ന നിലയിലെത്തി. രണ്ടാം പാദത്തിലും ഈ വളർച്ചയുടെ വേഗം നിലനിർത്താനായി. ഇതോടെ സംയോജിത വായ്പാ ആസ്തി 42 ശതമാനം വാർഷിക വളർച്ചയോടെ 2,09,317 കോടി രൂപയായി ഉയർന്നു. കമ്പനിയുടെ സംയോജിത നികുതിക്കു ശേഷമുള്ള ലാഭം 39 ശതമാനം വർധിച്ച് 6,103 കോടി രൂപയിലെത്തി. പ്രധാന സ്വർണപ്പണയ വായ്പാ ബിസിനസിലെ മികച്ച വളർച്ചയാണ് ഈ നേട്ടത്തിന് കരുത്തേകിയത്. ഉപകമ്പനികളും മികച്ച വളർച്ച തുടർന്നു. കമ്പനിയുടെ ആകെ സംയോജിത വായ്പാ ആസ്തിയിൽ ഉപകമ്പനികളുടെ സംഭാവന ഇപ്പോൾ 12 ശതമാനമാണ്. ഒറ്റയ്ക്കുള്ള വായ്പാ ആസ്തി എക്കാലത്തെയും ഉയർന്ന നിരക്കായ 1,87,810 കോടി രൂപയിലെത്തി. ജീവനക്കാരുടെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനത്തിന്റെയും ഉപഭോക്താക്കൾ അർപ്പിച്ച അചഞ്ചലമായ വിശ്വാസത്തിന്റെയും പ്രതിഫലനമാണ് ഈ നേട്ടം.

പത്താമത് രാജ്യാന്തര യൂണിഫോം മാനുഫാക്ചറേഴ്സ് ഫെയർ ഡിസംബർ 9 മുതൽ ചെന്നൈയിൽ

തിരുവനന്തപുരം/കൊച്ചി: സോലാപൂർ ഗാർമെന്റ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (എസ്ജിഎംഎ) സംഘടിപ്പിക്കുന്ന പത്താമത് അന്താരാഷ്ട്ര യൂണിഫോം മാനുഫാക്ചറേഴ്സ് ഫെയർ 2026 ഡിസംബർ 9 മുതൽ 11 വരെ ചെന്നൈ നന്ദമ്പാക്കത്തുള്ള ചെന്നൈ ട്രേഡ് സെന്ററിലെ ഹാൾ നമ്പർ 4ൽ നടക്കും. രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് യൂണിഫോം, ടവൽ വ്യവസായങ്ങൾ സംയുക്തമായി ഒരു പൊതുവേദിയിൽ അണിനിരക്കുന്നത്. ഈ ത്രിദിന ബി2ബി എക്സിബിഷനിൽ രാജ്യത്തെ 150ലധികം മുൻനിര ബ്രാൻഡുകൾ പങ്കെടുക്കും. 25,000ലധികം യൂണിഫോം തുണിത്തര ഡിസൈനുകളും, 'വൈബ്രന്റ് ടവൽ' പദ്ധതിക്ക് കീഴിൽ സോലാപൂർ ചാദറുകൾ ഉൾപ്പെടെ 3,000ലധികം ടവൽനാപ്കിൻ ശേഖരങ്ങളും ഇവിടെ പ്രദർശിപ്പിക്കും.

സ്കൂളുകൾ, കോളജുകൾ, ആശുപത്രികൾ, വ്യവസായകോർപ്പറേറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള വിവിധതരം വസ്ത്രങ്ങൾ, വിന്റർ വെയറുകൾ, ഷൂസുകൾ, ബാഗുകൾ, പ്രിന്റിംഗ് സൊല്യൂഷനുകൾ തുടങ്ങിയ അനുബന്ധ സാമഗ്രികൾ നിർമ്മാ



താക്കളിൽ നിന്ന് നേരിട്ട് മൊത്തമായി സംഭരിക്കാൻ വിതരണക്കാർക്കും സംരംഭകർക്കും ഈ മേള അവസരമൊരുക്കുന്നു.

വിദ്യാലയങ്ങൾ, ഹെൽത്ത്കെയർ, കോർപ്പറേറ്റ് മേഖല എന്നിവയിൽ നിന്നുള്ള വർധിച്ച ആവശ്യകത മൂലം 2023ൽ 65 ബില്യൺ യുഎസ് ഡോളർ മൂല്യമുണ്ടായിരുന്ന ആഗോള യൂണിഫോം വിപണി, 2030 വരെ 4% വാർഷിക വളർച്ച രേഖപ്പെടുത്തുമെന്നാണ് കണക്കാക്കുന്നത്. കൃത്യസമയത്ത് മികച്ച ഗുണനിലവാരത്തോടെ വലിയ തോതിലുള്ള ഉൽപ്പാദനം സാധ്യമാക്കുന്ന സോലാപൂരിലെ നിർമ്മാണ വൈദഗ്ധ്യം എക്സിബിഷന്റെ മുഖ്യ ആകർഷണമാകും.

ഇന്ത്യൻ നിർമ്മാതാക്കൾക്ക് മികച്ച ബിസിനസ്സ് അവസരങ്ങൾ തുറന്നുനൽകാനും, തുണിത്തരങ്ങൾ മുതൽ പാദരക്ഷകൾ വരെയുള്ള മുഴുവൻ യൂണിഫോം മൂല്യ ശൃംഖലയെയും അന്താരാഷ്ട്ര തലത്തിൽ മത്സരക്ഷമമാക്കാനുമാണ് മേള ലക്ഷ്യമിടുന്നതെന്ന് ഫെയർ ചെയർമാൻ അശോക് ചവാൻ പറഞ്ഞു. ഡിസൈനുകളിലും നിർമ്മാണ സാങ്കേതികവിദ്യയിലും വിപണിയിൽ ദ്രുതഗതിയിലുള്ള മാറ്റങ്ങളാണ് ദൃശ്യമാകുന്നതെന്നും, പുതിയ ബിസിനസ്സ് കൂട്ടുകെട്ടുകൾ സ്ഥാപിക്കാൻ വിതരണക്കാരും സ്ഥാപനങ്ങളും ഈ വേദി പ്രയോജനപ്പെടുത്തണമെന്നും ഫെയർ സെക്രട്ടറി അനികേത് മഹീന്ദ്രകർ വ്യക്തമാക്കി. 2017ൽ സോലാപൂരിൽ തുടക്കം കുറിച്ച് പിന്നീട് ബെംഗളൂരു, മുംബൈ, ഹൈദരാബാദ്, വാരണാസി തുടങ്ങിയ നഗരങ്ങളിലേക്ക് വ്യാപിച്ച ഈ സംരംഭം ഇതുവരെ മുന്നൂറിലധികം വ്യവസായികളെ വാർത്തെടുക്കാൻ സഹായിച്ചിട്ടുണ്ട്. 'മേക്ക് ഇൻ ഇന്ത്യ' ദൗത്യത്തിന് കരുത്തുപകരുന്ന മേളയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് www.sgma.in സന്ദർശിക്കുകയോ +918001900112 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാം.

ബജാജ് ജനറൽ ഇൻഷുറൻസിന്റെ നിയുക്ത സിഇഒ ആയി ദീപക് റെഡ്ഡി

കൊച്ചി: ബജാജ് ഫിൻസെർവ് ലിമിറ്റഡിന്റെ ഉപകമ്പനിയായ ബജാജ് ജനറൽ ഇൻഷുറൻസ് ലിമിറ്റഡ് ദീപക് റെഡ്ഡിയെ കമ്പനിയുടെ നിയുക്ത സിഇഒ ആയി നിയമിക്കുന്നതിന് അംഗീകാരം നൽകി. ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരത്തിന് വിധേയമായി, 2027 ഏപ്രിൽ 1 മുതൽ അദ്ദേഹം എംഡി, സിഇഒ ആയി ചുമതലയേൽക്കും. നിലവിലെ എംഡി ഡോ. തപൻ സിംഘേൽ 2027 മാർച്ച് 31 വരെ പദവിയിൽ തുടരും.



ഇൻഷുറൻസ് മേഖലയുടെ അടുത്ത ഘട്ട വളർച്ചയിൽ പുതിയ അവസരങ്ങൾ കണ്ടെത്തി ദീപക് റെഡ്ഡി കമ്പനിയെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കുമെന്ന് ബജാജ് ഫിൻസെർവ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ സഞ്ജീവ് ബജാജ് പറഞ്ഞു. സാമ്പത്തിക സേവന മേഖലയിൽ മൂന്ന് പതിറ്റാണ്ടിലേറെ പ്രവർത്തനപരിചയമുള്ള ദീപക് റെഡ്ഡി മുൻപ് ബജാജ് ഫിൻസെർവ്, മണപ്പുറം ഫൈനാൻസ് ഉൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളിൽ ഉന്നത നേതൃപദവികൾ വഹിച്ചിട്ടുണ്ട്.

വിപണിയിലെ തങ്ങളുടെ മുൻനിര സ്ഥാനം കൂടുതൽ ശക്തമാക്കാനും സ്ട്രാറ്റജിയുടെ തുടർച്ച ഉറപ്പാക്കിക്കൊണ്ട് ദീർഘകാല വളർച്ചാ ലക്ഷ്യങ്ങൾ കൈവരിക്കാനും ബജാജ് ജനറൽ ഇൻഷുറൻസിനെ ഈ മാറ്റം സഹായിക്കും.



ഒക്ടോബറിൽ ആഭ്യന്തര മൊത്തവ്യാപാരത്തിൽ 50% വളർച്ച രേഖപ്പെടുത്തി നിസ്സാൻ മോട്ടോർ ഇന്ത്യ

കൊച്ചി: ഒക്ടോബറിൽ ആഭ്യന്തര മൊത്തവ്യാപാരത്തിൽ 50 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തി നിസ്സാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. കഴിഞ്ഞ വർഷം ഒക്ടോബറിലെ 2,402 യൂണിറ്റുകളിൽ നിന്ന് 3,600 യൂണിറ്റായാണ് ആഭ്യന്തര മൊത്തവ്യാപാരം വർധിച്ചത്. നിസ്സാന്റെ തുടർച്ചയായ എട്ടാം മാസത്തെ വാർഷിക ആഭ്യന്തര വളർച്ചയാണിത്. കൂടാതെ, 2026 ജനുവരി മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ ആഭ്യന്തര, കയറ്റുമതി വിപണികളിലായി ആകെ 85,124 യൂണിറ്റുകളുടെ മൊത്തവ്യാപാരമാണ് കമ്പനി കൈവരിച്ചത്. പുതിയ നിസ്സാൻ ടെക്റ്റൺ, മാഗ്നൈറ്റ്, ഗ്രാവൈറ്റ് തുടങ്ങിയ വികസിച്ചുകൊണ്ടിരിക്കുന്ന ഉൽപ്പന്ന പോർട്ട്ഫോളിയോയും വളർന്നുവരുന്ന ഡീലർ ശൃംഖലയുമാണ് ഈ നേട്ടത്തിന് കാരണം. ഒക്ടോബർ മാസത്തിൽ മാത്രം 4,710 യൂണിറ്റുകളുടെ കയറ്റുമതിയും കമ്പനി രേഖപ്പെടുത്തിയിട്ടുണ്ട്.

ഐസിഐസിഐ ലൈഫ് അറ്റാദായം 26.5% വർധിച്ച് 760 കോടി രൂപയായി

കൊച്ചി: നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ ഐസിഐസിഐ ലൈഫ് ഇൻഷുറൻസിന്റെ അറ്റാദായം 26.5 ശതമാനം ഉയർന്ന് 760 കോടി രൂപയിലെത്തി. ഇക്കാലയളവിൽ കമ്പനിയുടെ പുതിയ ബിസിനസ്സ് പ്രീമിയം 25 ശതമാനം വർധിച്ച് 11,821 കോടി രൂപയായും പുതിയ ബിസിനസ്സ് മൂല്യം) 22.3 ശതമാനം ഉയർന്ന് 1,283 കോടി രൂപയായും രേഖപ്പെടുത്തി. ഇതിലൂടെ റീട്ടെയ്ൽ സം അഷ്വേർഡ് വിഭാഗം 34.9 ശതമാനം വർധിച്ച് 2.32 ലക്ഷം കോടി രൂപയായി വളർന്നു.

റീട്ടെയ്ൽ പ്രൊട്ടക്ഷൻ വിഭാഗത്തിൽ 47.2 ശതമാനവും ആനുവിറ്റി വിഭാഗത്തിൽ 50 ശതമാനവും ശക്തമായ വാർഷിക വളർച്ചയാണ് കമ്പനി കൈവരിച്ചത്. ഉപഭോക്തൃ കേന്ദ്രീകൃത സമീപനമാണ് സ്ഥാപനത്തിന്റെ അടിത്തറയെന്നും പ്രൊട്ടക്ഷൻ, ആനുവിറ്റി എന്നിവ തങ്ങളുടെ ദീർഘകാല തന്ത്രങ്ങളുടെ സുപ്രധാന ഭാഗമായി തുടരുമെന്നും ഐസിഐസിഐ ലൈഫ് ഇൻഷുറൻസ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സിദ്ധാർത്ഥ മിശ്ര വ്യക്തമാക്കി. ഈ കാലയളവിൽ 99.3 ശതമാനം ക്ലെയിം സെറ്റിൽമെന്റ് അനുപാതം നിലനിർത്താൻ കമ്പനിക്കായി. കൂടുതൽ അന്വേഷണം ആവശ്യമില്ലാത്ത ക്ലെയിമുകൾ ശരാശരി 1.1 ദിവസത്തിനുള്ളിൽ തീർപ്പാക്കി. ആകെ 2,627 കോടി രൂപയുടെ ഡെത്ത് ക്ലെയിമുകളും 8,634 കോടി രൂപയുടെ മെച്ച്യൂരിറ്റി ആനുകൂല്യങ്ങളും വിതരണം ചെയ്തതിനൊപ്പം, സേവിങ്സ് പോളിസികളിൽ 54 ശതമാനവും അതാത് ദിവസം തന്നെ ഉപഭോക്താക്കൾക്ക് കൈമാറാനും സാധിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com